**ന ഭാരതീ മേ£ങ്ഗ മൃഷോപലക്ഷ്യതേ**
**ന വൈ ക്വചിന്മേ മനസോ മൃഷാ ഗതി:**
**ന മേ ഹൃഷികാണി പതന്ത്യസത്പഥേ**
**യന്മേ ഹൃദൌത് കണ്ഠ്യവതാ ധൃതോ ഹരി: (2–6–33)**
**സ ഏഷ ആദ്യ: പുരുഷ: കൽപേ കൽപേ സൃജത്യജ:**
**ആത്മാ££ത്മന്യാത്മനാ££ത്മാനം സംയച്ഛതി ച പാതി ച (2–6–38)**

സൃഷ്ടികർത്താവായ ബ്രഹ്മാവുപറഞ്ഞു:
വേദേതിഹാസങ്ങൾ മനുഷ്യർക്കു സ്വീകരിക്കാവുന്ന രണ്ടുമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു. കർമ്മമാർഗ്ഗവും ധ്യാനമാർഗ്ഗവും. കർമ്മമാർഗ്ഗത്തിൻേറത് അവിദ്യയും അജ്ഞാനവും ആയതുകൊണ്ട് അത് ഇന്ദ്രിയാനുഭവങ്ങളുടെ ലോകത്തിലേക്ക് നമ്മെ നയിക്കുന്നു. എന്നാൽ ധ്യാനമാർഗ്ഗം ജ്ഞാനത്തിൻേറയും വിദ്യയുടേയുമായതുകൊണ്ട് അതു നമ്മെ ശാശ്വതശാന്തിയിലേക്കു നയിക്കുന്നു. ഞാൻ ജന്മനാൽത്തന്നെ ആ തിരുവടിയെ പൂജിക്കാനും ധ്യാനിക്കാനും ആഗ്രഹിച്ചു. പക്ഷെ എന്തു ദ്രവ്യംകൊണ്ടാണു പൂജിക്കേണ്ടതെന്ന് എനിക്കു ചിന്താക്കുഴപ്പമുണ്ടായി. കാരണം ഭഗവാൻ സ്വയം എങ്ങുംനിറഞ്ഞു നിൽക്കുന്നുവല്ലോ. യാഗശാലയും ഭൂമിയും പാത്രങ്ങളും യാഗവസ്തുക്കളും ഗ്രന്ഥങ്ങളും പൂജാവിധികളുമെല്ലാം അവിടുന്നുതന്നെയെന്ന് എനിക്കറിയാമായിരുന്നു. ഭഗവാനെ പൂജിക്കാൻ അതേ ഭഗവാൻെറ പ്രതിരൂപങ്ങളായ വസ്തുക്കൾ എനിക്കുപയോഗിക്കേണ്ടിവന്നു. പിന്നീടുണ്ടായ മാമുനിമാരും ഈ വിധത്തിൽ പൂജകൾ തുടർന്നുവന്നു. സകലജീവികളും ദേവതകളും മനുഷ്യരും യക്ഷകിന്നരന്മാരുമെല്ലാം നാരായണനെ പൂജിക്കാൻ ഇൗരീതിയവലംബിച്ചു. പൂജിക്കുന്നവനും പൂജാദ്രവ്യങ്ങളും പൂജിക്കപ്പെടുന്നവനും പൂജാവിധിതന്നെയും ആ നാരായണൻ തന്നെ. ആ നാഥനെക്കൂടാതെ ഒരു കാരണമോ കാര്യമോ ഇല്ല. മകനേ, ഞാൻ ഭഗവാൻെറ കാൽക്കൽ ഹൃദയംനിറഞ്ഞ ഭക്തിയോടെ അഭയം തേടിയിരിക്കയാൽ എൻെറ വാക്കിൽ തിന്മയോ തെറ്റോ ഉണ്ടാകാൻ സാദ്ധ്യമല്ല. എൻെറമനസ്സ് ചഞ്ചലമാവുകയോ ഇന്ദ്രിയസുഖങ്ങൾക്കു പിറകേപോവുകയോ ചെയ്യുന്നുമില്ല. ശരിയായഭക്തൻെറ ലക്ഷണമിതൊക്കെയാണ്.

ഭഗവൽമഹിമ അപാരംതന്നെ. ആ മായാവിശേഷത്തിൻെറ വ്യാപ്തി അവിടുത്തേക്കുതന്നെ അറിയാമോ എന്നു സംശയം. അനന്തമാണദ്ദേഹം. എന്നിട്ടും മനുഷ്യർ വിഡ്ഢിത്തംകൊണ്ടാമഹിമയെ അളക്കാനും സ്വന്തം മാനദണ്ഡംവച്ചു കണക്കാക്കാനും തുനിയുന്നു. അജനുമനന്തനുമായ ആ പുരുഷൻ സ്വയം സൃഷ്ടിക്കുന്നു. സംരക്ഷിക്കുന്നു. സംഹരിച്ച് എല്ലാം തന്നിലേക്കാവഹിക്കുന്നു. അവനിൽ തന്നെ, അവനാൽ, അവൻെറ ഇഷ്ടത്തിന് വീണ്ടും വീണ്ടുമീപ്രക്രിയ തുടരുന്നു. മനസ്സും ശരീരവും ഇന്ദ്രിയങ്ങളും നിയന്ത്രിച്ച് ഋഷിമാർ അവിടുത്തെ സാക്ഷാത്കരിക്കുന്നു.

ഭഗവാൻെറ ആദ്യത്തെ പ്രത്യക്ഷരൂപം വിശ്വപുരുഷനായിട്ടത്രെ. പിന്നീട് മറ്റുരൂപങ്ങൾ, സമയം, പ്രകൃതി, പഞ്ചഭൂതങ്ങൾ, ചരാചരങ്ങൾ എന്നിവയുണ്ടായി. വിജ്ഞാനിയായ ഒരുവനീലോകത്തിലെയേതിനേയും, അതിഭൌതികശക്തികളുള്ളതും മഹിമ, വീര്യം, തീർപ്പ്, ശാരീരികശക്തി, സൈ്ഥര്യം, മാന്യത, ഭാഗ്യം, ബുദ്ധിവൈഭവം എന്നിവയുള്ള സർവ്വതിനേയും വിശ്വപുരുഷൻെറ പ്രത്യക്ഷരൂപമെന്നു ധ്യാനിച്ചുകഴിയുന്നു. ആ അറിവ് അവനെ ഈശ്വരസാക്ഷാത്കാരത്തിലേക്കു നയിക്കുന്നു.